പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 30

04.02.2013-ലെ മറുപടിക്ക്.

## സ്ത്രീ പീഡന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അതിവേഗ കോടതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>„ ആർ. സെൽവരാജ്<br>„ എ. പി. അബ്ദുള്ളക്കുട്ടി<br>„ പി. സി. വിഷ്ണുനാഥ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്ത്രീ പീഡന കേസ്സുകൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിന് എന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നത് ;<br><br>(ബി) ഇത്തരം കേസ്സുകളുടെ വിചാരണയ്ക്കായി അതിവേഗ കോടതികൾ രൂപവത്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) എവിടെയെല്ലാമാണ് പ്രസ്തുത കോടതികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (എ), (ബി), (സി) & (ഡി)<br>സംസ്ഥാനത്തെ സ്ത്രീപീഡന കേസുകൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിനു വേണ്ടി പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി എറണാകുളത്ത് ഒരു അഡീഷണൽ ജില്ലാ & സെഷൻസ് കോടതി (അതിവേഗ കോടതി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:13/2013/ആഭ്യന്തരം തീയതി 18.01.2013 പ്രകാരം സ്ഥാപിച്ചുത്തരവാകുകയും ടി കോടതി 27.01.2013 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തും കോഴിക്കോടും ഇപ്രകാരം കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ